To be circulated

5441

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - 77 ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യത്തോടെ എസ്.റ്റി.ഡി സൗകര്യം ഒഴിവാക്കിയുള്ള ടെലഫോൺ കണക്ഷനുകൾ എടുക്കുന്നതിനുള്ള അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ.)നം.301/2017/തൊഴിൽ. തിരുവനന്തപുരം, തീയതി:06-03-2017**

---

പരാമർശം:- ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 30.09.2014, 29.11.2014 27.06.2015, 28.12.2015, 29.04.2016, 30.05.2016 എന്നീ തീയതികളിലെ ഡി2-13006/2014/ഡി.ഐ.എം.എസ്. നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ നിലവിൽ ടെലഫോൺ കണക്ഷൻ ഇല്ലാത്ത 77 ഇ.എസ്.ഐ ഡിസ്പെൻസറികളിൽ ടെലഫോൺ കണക്ഷൻ ലഭിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്തുകൾ മുഖേന ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ഫണ്ട് അലോട്ട്മെന്റ്, ട്രഷറിയിൽ ബില്ല് സമർപ്പിക്കുക തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങൾ വിവരസാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ടതും ഇലക്ട്രോണിക് മാധ്യമങ്ങളുമായി ബന്ധപ്പെട്ടുള്ളതുമായതിനാൽ ഇന്റർ നെറ്റ് കണക്ഷൻ അത്യന്താപേക്ഷിതമാണെന്നും ഗുണനിലവാരം കുറഞ്ഞ മരുന്നുകളുടെ റിപ്പോർട്ട് മറ്റ് സ്ഥാപനങ്ങളിലേക്ക് അയക്കുന്നതിനും വിതരണം നിർത്തിവയ്ക്കുന്നതിന് നിർദ്ദേശം നൽകുവാനും ഇന്റർ നെറ്റ് സൗകര്യം കൂടി അനുവദിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എസ്.ഐ കോർപ്പറേഷനും സംസ്ഥാന സർക്കാരും 7:1 എന്ന അനുപാതത്തിലാണ് ഇ.എസ്.ഐയുടെ പദ്ധതി നടത്തിപ്പ് ചെലവ് വഹിച്ചുവരുന്നത് എന്നതിനാൽ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന്റെ കീഴിലുള്ള 77 ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് ഇന്റർനെറ്റ് സൗകര്യത്തോടെ എസ്.റ്റി.ഡി സൗകര്യം ഒഴിവാക്കിയുള്ള ടെലഫോൺ കണക്ഷനുകൾ എടുക്കുന്നതിനുള്ള അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനാവശ്യമായ ചെലവ് 2210-01-102-98-05-03-ടെലഫോൺ ചാർജ്ജസ് (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
പി.കെ. സീതാലക്ഷ്മി അമ്മ
അഡീഷണൽ സെക്രട്ടറി.

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/ഡി.ബി.സെൽ) കേരളം, തിരുവനന്തപുരം
ധനകാര്യ (അനൗദ്യോഗിക കുറിപ്പ് നം.36638/എച്ച്&എൽ-എ 3/16/ധന
തീയതി 23.01.2017)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ